# 'താഴ്മ' എന്ന ക്രിസ്തുഭാവം

റോമർ 12:16

"തമ്മിൽ ഐകമത്യമുള്ളവരായി വലിപ്പം ഭാവിക്കാതെ എളിയവരോടു ചേർന്നുകൊൾവിൻ; നിങ്ങളെത്തന്നേ ബുദ്ധിമാന്മാർ എന്നു വിചാരിക്കരുതു."

ഒരു ദൈവ പൈതൽ തന്റെ ജീവിതത്തെ എപ്രകാരം ദൈവത്തിന്നു സമർപ്പിക്കണമെന്നും, ദൈവവചനത്തിലധിഷ്ഠിതമായ് എങ്ങനെ ജീവിതത്തെ ക്രമപ്പെടുത്തണമെന്നും വളരെ വ്യക്തമായി വരച്ചു കാട്ടുന്ന ഒരു അദ്ധ്യായമാണ് റോമർ 12. അതിൽ നിന്നും എടുത്ത ഈ വേദഭാഗത്ത് പറഞ്ഞിരിക്കുന്ന കാര്യങ്ങളെ കുറിച്ച് നാം ചിന്തിക്കുമ്പോൾ; പരസ്പരം ഐകമത്യമുള്ളവരാകേണ്ടതിന്റെയും, 'സ്വയം' എന്ന ഭാവം ജീവിതത്തിൽ നിന്നു മാറ്റേണ്ടതിന്റെയും, മറ്റുള്ളവരെ; അവർ ആയിരിക്കുന്ന അനുഭവങ്ങളിൽ കൈക്കൊള്ളേണ്ടതിന്റെയും ആവശ്യകതയെക്കുറിച്ച് പറയുന്നതായി കാണാം.

ദൈവം നമ്മെ ഓരോരുത്തരേയും വിളിച്ചിരിക്കുന്നത് തന്റെ കൂട്ടായ്മയിലേക്കാണ്. ആ കൂട്ടായ്മ മറ്റു വിശ്വാസികളുമായ് പങ്കിടുവാൻ വേണ്ടിയുമാണ്. ഏകാകിയായിരിക്കാൻ ദൈവം ആഗ്രഹിക്കുന്നില്ല. ആദിയിൽ മനുഷ്യ സൃഷ്ടിയുടെ പരമമായ ഉദ്ദേശ്യമെന്നതും ഈ ഒരു കൂട്ടായ്മയായിരുന്നു എന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയും. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവത്തിന്റെ കൂട്ടായ്മയിലേക്ക് മനുഷ്യനെ ചേർത്തുകൊൾവാൻ ദൈവത്തിന് മനസ്സായെങ്കിൽ ആ മനസ്സും സ്നേഹവും കാണുന്നതിലുപരിയായി മനുഷ്യൻ ലോകത്തെ കണ്ടു തുടങ്ങി. അവിടെ നിന്ന് മനുഷ്യന്റെ വീഴ്ചയും തുടങ്ങി.

ഫിലിപ്പ്യർ 2:5 ൽ പറയുന്നു, 'ക്രിസ്തുയേശുവിലുള്ള ഭാവം തന്നേ നിങ്ങളിലും ഉണ്ടായിരിക്കട്ടെ.' ക്രിസ്തുവിന്റെ സ്നേഹത്തിൽ നിറയുമ്പോൾ മറ്റെല്ലാ കുറവുകളും മറന്ന് തമ്മിൽ ഐക്യതയുള്ളവരായി മാറുന്നു. വലിപ്പ ചെറുപ്പമില്ലാതെ ഒരു മനസ്സോടെ തോളോടു തോൾ ചേർന്നു നിൽക്കാൻ നമുക്ക് കഴിയുന്നത് ദൈവസ്നേഹം ഉള്ളിൽ നിറയുമ്പോൾ മാത്രമാണ്. ഞാൻ വലിയവൻ എന്ന ചിന്ത ഒരിക്കലും നമ്മുടെ ഉള്ളിൽ കടന്നു കൂടരുത്. ക്രിസ്തുവിന്റെ മാതൃക എല്ലായ്പ്പോഴും നമ്മുടെ ചിന്തകളിൽ നിറഞ്ഞു നിൽക്കണം. സ്വർഗ്ഗത്തിലെ തന്റെ സകല മഹത്വവും വിട്ട് യേശു ലോകത്തിലേക്ക് ഇറങ്ങി വന്നതു പോലെ നാം എല്ലയ്പ്പോഴും താഴ്ചയിൽ ജീവിക്കുന്നവരുടെ അടുക്കലേക്ക് ഇറങ്ങി ചെല്ലാൻ മനസ്സുള്ളവരാവണം. 'ഞാനോ നിങ്ങളുടെ ഇടയിൽ ശുശ്രൂഷിക്കുന്നവനെ

പോലെയാകുന്നു' എന്ന് യേശു ശിഷ്യന്മാരോട് പറഞ്ഞ വാക്കുകൾ നമുക്ക് വെല്ലുവിളിയാണ്.

എപ്പോഴും ശുശ്രൂഷ ചെയ്യാൻ ഒരുക്കമുള്ളവരെയാണ് ദൈവം ആദരിക്കുന്നത്. ദൈവത്തെ നാം സ്നേഹിക്കുമ്പോൾ ദൈവീക സ്വഭാവവും നമ്മിൽ നിറയുന്നു. അതുകൊണ്ട് നമുക്ക് ദൈവസ്നേഹത്തിൽ മറ്റുള്ളവരേയും സ്നേഹിക്കാൻ കഴിയുന്നു. അവരുടെ ശ്രേഷ്ഠതകളെ കുറിച്ചും അവരെക്കൊണ്ടുള്ള പ്രയോജനത്തെ കുറിച്ചും ചിന്തിക്കാതെ അവരെ എങ്ങനെ ശുശ്രൂഷിക്കാനാകും എന്നു ചിന്തിക്കാൻ കഴിയുന്നു. ഈ ക്രിസ്തുവിന്റെ മനസ്സ് എപ്പോഴും നമ്മിൽ ഉണ്ടായിരിക്കട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**പരാമർശം:**

റോമർ 12:14

നിങ്ങളെ ഉപദ്രവിക്കുന്നവരെ അനുഗ്രഹിപ്പിൻ; ശപിക്കാതെ അനുഗ്രഹിപ്പിൻ.

**ബ്രദർ. ബിനു ബേബി ആലപ്പുഴ 131**